Mathrubhumi 19-12-18, p-02

# വറ്റിയ പാടങ്ങളിൽ കർഷകന്റെ കണ്ണീർ

**മഹാപ്രളയത്തിന് ശേഷം വന്ന വരൾച്ച ജില്ലയിലെ നെൽക്കർഷകരെ കരയിക്കുകയാണ്. പ്രളയത്തെത്തുടർന്ന് പശിമ നശിച്ച പാടങ്ങൾ വിണ്ടുണങ്ങിത്തുടങ്ങി**



തൃശ്ശൂർ ▸ **2017 നവംബർ 30.** പീച്ചി വലതുകര കനാലിലൂടെ കാർഷികാവശ്യത്തിനുള്ള വെള്ളം തുറന്നുവിടണമെന്ന് ജലസേചന കലണ്ടർ കുറിച്ചുവെച്ച ദിനം. പതിവ് മുടങ്ങിയില്ല. വലതുകര കനാലിലൂടെ കാർഷികമേഖലകളിലേക്ക് വെള്ളം എത്തിത്തുടങ്ങി. അതിന്റെ ഫലമായി തൃശ്ശൂരിലെങ്ങും കാർഷികസമൃദ്ധി, പ്രത്യേകിച്ച് നെൽപ്പാടങ്ങളിൽ. പൊന്നിൻപാടങ്ങൾ യഥാസമയം കതിരിട്ടു. കതിർ വിളഞ്ഞു. നല്ല വിളവെടുത്തു. 21000 ഹെക്ടറിലായിരുന്നു നെല്ല് വിളവെടുത്തത്.

**2018 നവംബർ 30.** ഇത്തവണയും ജലസേചന കലണ്ടറിൽ മാറ്റമില്ല. പത്തിനുതന്നെ കാർഷിക മേഖലയിലേക്ക് വെള്ളം വിടണം. എന്നാൽ കലണ്ടർ ഒഴികെ മറ്റെല്ലാം മാറിയിരിക്കുന്നു. വലതുകരയിലെ 55 കിലോമീറ്റർ കനാൽ തകർന്നു. പ്രളയം തകർത്തതാണിത്. പ്രളയത്തിൽ പശിമ നശിച്ച പാടങ്ങളിലെ മണ്ണിന് വെള്ളം കെട്ടിനിർത്താനുള്ള ശേഷി നഷ്ടപ്പെട്ടു. പാടങ്ങളിൽ കൊടിയ ഉണക്ക് തുടങ്ങി. നെൽച്ചെടികൾ വാടി. വലതുകര-ഇടതുകര കനാലുകൾ ഏതാണ്ട് 90 കിലോമീറ്ററോളം തകർന്നിട്ടുണ്ട്. അവിടെ യുദ്ധകാലാടിസ്ഥാനത്തിൽ പുനർനിർമാണം നടത്തുന്നുണ്ട്. പക്ഷേ, എന്നു തീരും പണി, എന്നു കിട്ടും വെള്ളം എന്ന ആശങ്ക തുടർന്നു. കലണ്ടർപ്രകാരമുള്ള ദിനത്തിനു പിന്നാലെ ദിനങ്ങൾ കടന്നുപോയതോടെ പീച്ചി വലതുകര കനാൽ തുറക്കുമെന്ന പ്രതീക്ഷ അസ്ഥാനത്തായി. പക്ഷേ, ജലസേചനവകുപ്പും കൃഷിവകുപ്പും ഉണർന്ന് പ്രവർത്തിച്ചു. ഡിസംബർ പത്തിന് വലതുകര കനാൽ തുറന്നു. പത്ത് ദിവസമാണ് വൈകിയത്. 17-ന് ഇടതുകര കനാലും തുറന്നു.

മഹാപ്രളയം തകർത്തെറിഞ്ഞ കനാൽ പുനർനിർമിച്ചെന്ന് ജലസേചന വകുപ്പിന് അഭിമാനിക്കാം. പക്ഷേ, കർഷകരെ സംബന്ധിച്ച് പത്തുനാൾ എന്നത് വലിയ കാലയളവാണ്. വെള്ളം കിട്ടാതെ പത്ത് വേണ്ട, രണ്ടു ദിവസം മതി നെൽകൃഷി നശിക്കാൻ. അതിനുശേഷം വെള്ളം കിട്ടിയിട്ട് കാര്യമില്ല. ഒരുദിവസത്തെ ഇടവേളപോലും നെൽകൃഷിയെ ബാധിക്കും; കതിരുകൾ പതിരാകും.

## കൃഷി കുറഞ്ഞു

തൃശ്ശൂരിനെ ആഞ്ഞുപ്രഹരിച്ച പ്രളയം ഉത്പാദനം മാത്രമല്ല കൃഷിയിടവും കുറച്ചു. ഇരുപ്പൂകൃഷിക്കായി ഒരുങ്ങിയ ജില്ലയിൽ, അത് സാധ്യമല്ലാതാക്കി വെള്ളപ്പൊക്കം. കഴിഞ്ഞവർഷം 21000 ഹെക്ടറിലുണ്ടായിരുന്ന നെൽകൃഷി ഈ വർഷം ഇതുവരെ 14000 ഹെക്ടറിൽ ഒതുങ്ങി. പീച്ചി ഇടതുകര-വലതുകര കനാലിനെ ആശ്രയിച്ചാണ് കോൾപ്പടവുകളിൽ ചെറിയൊരു ഭാഗവും മറ്റെല്ലാ നെൽപ്പാടങ്ങളും കൃഷിയിറക്കുന്നത്.

സമുദ്രനിരപ്പിൽനിന്ന് താഴെയുള്ള കോൾപ്പടവുകളിൽ വെള്ളം വറ്റിച്ചാണ് കൃഷിയിറക്കുന്നതെങ്കിലും പിന്നീട് ജലസേചനത്തിന് കനാൽ വെള്ളം വേണം. ചിമ്മിനി അണക്കെട്ടിനെയാണ് കോൾപ്പടവുകളുടെ വലിയ മേഖല ജലസേചനത്തിനായി ആശ്രയിക്കുന്നത്. വെള്ളം വറ്റിച്ച് കൃഷിയിറക്കിയശേഷം പിന്നീട് നടത്തുന്ന കളനാശിനിപ്രയോഗത്തിൽ കൃത്യമായ ജലലഭ്യത അത്യാവശ്യമാണ്. കളനാശിനി തളിച്ച് 24 മണിക്കൂറിനുശേഷം വെള്ളം കയറ്റിവിട്ട് ഒഴുക്കിക്കളഞ്ഞ് പാടം ശുദ്ധീകരിക്കേണ്ടതുണ്ട്. വർഷങ്ങളായുള്ള പതിവുപോലെ ഇത്തവണയും കനാലിലൂടെ വെള്ളം നവംബർ 30-ന് എത്തുമെന്ന് പ്രതീക്ഷിച്ച് കളനാശിനി തളിച്ച കർഷകർ വെട്ടിലായി. വെള്ളമെത്തിയില്ല. അതിനാൽ കളനാശിനി കൃത്യസമയത്ത് ഒഴുക്കിക്കളയാനുമായില്ല.

## അറിയിപ്പില്ല

കനാൽ വെള്ളമെത്തുന്നത് വൈകുമെന്ന അറിയിപ്പ് ജലസേചന വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായില്ലെന്ന് കർഷകർ പറയുന്നു. അതാണ് വൻ വീഴ്ചയായത്. കർഷകരെ പ്രതിസന്ധിയിലാക്കിയതും ഈ അനാസ്ഥ തന്നെ.

കനാൽ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് രാപകലില്ലാതെ നെട്ടോട്ടത്തിലായിരുന്നു ജലസേചന വകുപ്പ് ഉദ്യോഗസ്ഥരെന്ന് അവരുടെ രേഖകൾ സൂചിപ്പിക്കുന്നു. ഏതാണ്ട് 90 കിലോമീറ്ററോളം തകർന്ന കനാൽ ടെൻഡർ നൽകി യുദ്ധകാലാടിസ്ഥാനത്തിൽ പുനർനിർമിക്കുകയായിരുന്നു.

പണി വേഗം തീർക്കാനായി ചെറു ടെൻഡറുകളാണ് നൽകിയത്. 90 കിലോമീറ്ററോളം തകർന്ന കനാൽ പുനരുദ്ധരിക്കാനായി ടെൻഡർ നൽകിയത് അമ്പതിൽപ്പരം പേർക്ക്. ടെൻഡർ തുക ഉറപ്പിച്ച അതേനിമിഷം തന്നെ പണിയും തുടങ്ങി. വലതുകര കനാൽ പണി പൂർത്തിയായി വെള്ളം വിട്ടുതുടങ്ങിയെങ്കിലും ഇതേവരെ ഇവരാരുമായി ടെൻഡർ കരാർ രേഖാമൂലമുണ്ടാക്കിയിട്ടില്ല. അത്രയും യുദ്ധകാലാടിസ്ഥാനത്തിലാണ് പണി പൂർത്തീകരിക്കുന്നതെന്ന് ജലസേചന വകുപ്പ് അധികൃതർ പറയുന്നു.

## ഉപ്പുവെള്ളം

സമുദ്രനിരപ്പിനും താഴെയായതിനാൽ കടലിലെ ഉപ്പുവെള്ളം പാടങ്ങളിലേക്ക് കയറാതെ നോക്കേണ്ടതുണ്ട്. കയറിയാൽ കൃഷി നശിക്കും. അതുണ്ടാകാതിരിക്കാനായി മൺബണ്ട് കെട്ടുകയാണ് പതിവ്. ഇത്തവണ കനാൽവെള്ളം എത്താത്തതിനാൽ കോൾപ്പാടങ്ങളിലേക്ക് കടൽവെള്ളം കയറിത്തുടങ്ങിയെന്നാണ് കൃഷിക്കാരുടെ പരാതി. ബണ്ട് കെട്ടാത്തതിനാൽ ഉപ്പുവെള്ളം കയറി പാടങ്ങൾ നശിച്ചുതുടങ്ങി.

മുൻകാലങ്ങളിൽ ഇതുണ്ടാകാറില്ല. മഴ തുടങ്ങുമ്പോൾ വെള്ളപ്പൊക്കമുണ്ടാകാതിരിക്കാൻ മൺബണ്ട് പൂർണമായും പൊട്ടിച്ചുവിടണമെന്നാണ് നിയമം. എന്നാൽ മഴ കഴിഞ്ഞാൽ വീണ്ടും കെട്ടേണ്ടതിനാൽ കരാറുകാരൻ ഇത് പൂർണമായും പൊട്ടിക്കാറില്ല. അധികൃതരും കണ്ണടയ്ക്കുകയാണ് പതിവ്. ബണ്ട് യഥാസമയം പൊട്ടിച്ചുവിടാതിരുന്നതാണ് പാടശേഖരങ്ങളുടെ സമീപം പ്രളയം രൂക്ഷമാകാൻ കാരണം. പ്രളയത്തോടെ മൺബണ്ട് പൂർണമായും തകർന്നതോടെയാണ് ഉപ്പുവെള്ളം പെട്ടെന്ന് കയറിത്തുടങ്ങിയത്.

ജനുവരി ഏഴിന് തുടങ്ങി 27-ന് സമാപിക്കുന്ന രീതിയിലാണ് കഴിഞ്ഞ വർഷം കോൾപ്പാടങ്ങളിലേക്കുള്ള ഉപ്പുവെള്ളം തടയുന്നതിന് ബണ്ട് കെട്ടിയതെന്ന് അധികൃതർ പറയുന്നു. ഇത്തവണ കാലതാമസമുണ്ടാകില്ല. കഴിഞ്ഞവർഷത്തേതിനും മുന്നേ പണി തുടങ്ങുമെന്നും അധികൃതർ അറിയിച്ചു.

## നെൽകൃഷിയും വെള്ളവും

തൃശ്ശൂർ ▸ 'മുറി മുപ്പത്, നിര ഇരുപത്' -കർഷകർക്കിടയിലെ ഒരു പറച്ചിലാണിത്. അതായത് കതിരുറച്ച് അരിമണിയാവാനുള്ള സമയമാണ് മുപ്പതു ദിവസം. അതിനുശേഷമുള്ള 20 ദിവസം നിരക്കാനുള്ളതും. ഇതിൽ മുറി മുപ്പതുകളിൽ നെൽച്ചെടിക്ക് വെള്ളം കിട്ടിയില്ലെങ്കിൽപ്പിന്നെ വിളവ് മോശമാകും. ചിലപ്പോൾ നെല്ല് ചന്തത്തോടെ നിരന്നെന്നുവരും. കൊയ്യുമ്പോഴാണ് വിളവ് കുറവാണെന്ന വിവരം കർഷകൻ തിരിച്ചറിയുക.

കൊയ്യുന്നതിന് രണ്ടാഴ്ചമുമ്പുവരെ അഞ്ച് സെന്റിമീറ്ററെങ്കിലും വെള്ളത്തിൽ വേണം നെൽച്ചെടി നിൽക്കാൻ. അങ്ങനെ നിൽക്കാൻ കഴിയാത്ത അവസ്ഥ വന്നാൽ ചെടി അതുവരെ കൈവരിച്ച പുഷ്ടി നിലയ്ക്കും.

അരിമണിക്ക് ഭാരം വയ്ക്കില്ല. തീരെ വെള്ളം കിട്ടാതായാൽ തണ്ടും ഇലയും ഉണങ്ങാനും തുടങ്ങും. പിന്നെ വെള്ളം എത്തിയാലും ഉഷാറോടെയുള്ള വളർച്ചയുണ്ടാവില്ല. ഉമപോലുള്ള ചില വിത്തിനങ്ങൾ നേരിയതോതിൽ വെള്ളം കുറഞ്ഞാലും പിടിച്ചുനിൽക്കും. എന്നാൽ, വെള്ളം കിട്ടാത്ത സ്ഥിതി തുടർന്നാൽ അത്തരം വിത്തുകളും തോറ്റുപോകും.

അരിമണി ഉറയ്ക്കുന്ന സമയത്ത് വെള്ളം കിട്ടാതെ പോയാൽ കർഷകന് കണ്ണീരായിരിക്കും ഫലമെന്ന് കൃഷിശാസ്ത്രജ്ഞർ പറയുന്നതിന്റെ അടിസ്ഥാനം ഇതാണ്.

പ്രയോഗിച്ച വളത്തിന് നല്ല ഫലം കിട്ടണമെങ്കിലും പാടം വെള്ളത്തിൽത്തന്നെ നിൽക്കണം. കൊയ്യാറാവുമ്പോൾ പാടത്ത് വെള്ളത്തിന്റെ അളവ് കുറഞ്ഞാലും കുഴപ്പമില്ല.

# കതിരിട്ട കണ്ടങ്ങൾ ഉണങ്ങുന്നു



വെള്ളം ലഭിക്കാതെ കൃഷി ഉണങ്ങിത്തുടങ്ങിയ എങ്കക്കാട് വടക്കേ പാടശേഖരം

വടക്കാഞ്ചേരി ▸ ജലസേചനസൗകര്യങ്ങളില്ലാത്ത മേഖലയിലെ 50 ഹെക്ടറോളം പാടശേഖരങ്ങളിൽ കതിരിട്ട നെൽകൃഷിക്ക് ഉണക്കം ബാധിച്ചു. മഴയെ മാത്രം ആശ്രയിച്ച് കൃഷിചെയ്യുന്ന പാടശേഖരങ്ങളാണ് ഇതിലേറെയും. കാർഷിക കലണ്ടർ തയ്യാറാക്കി വാഴാനി അണക്കെട്ടിൽനിന്ന് വെള്ളം തുറന്നുവിട്ടതിനാൽ സമീപത്ത് പുഴയും കനാലുമുള്ള പാടശേഖരങ്ങളിൽ വെള്ളത്തിന് പ്രശ്നമില്ല. പ്രളയം കാരണം ചില പാടശേഖരങ്ങളിൽ വൈകിയാണ് മുണ്ടകൻകൃഷി ഇറക്കിയത്. മംഗലം ഉൾപ്പെടെയുള്ള പാടശേഖരങ്ങളിൽ വെള്ളം ലഭിക്കാതെ കൃഷി ഉണങ്ങുന്ന അവസ്ഥ നേരിട്ടു. കർഷകരുടെ പ്രതിഷേധത്തെത്തുടർന്ന്, കലണ്ടർ തെറ്റിച്ചും ജലസേചനവിഭാഗം കനാലിലൂടെ വാഴാനി വെള്ളം തുറന്നുവിട്ടു.

എങ്കക്കാട് വടക്ക് പാടശേഖരത്തിൽ വെള്ളം കിട്ടാതെ കൃഷി ഉണങ്ങാൻ തുടങ്ങി. ജലസേചനത്തിന് ഇവിടെ മറ്റ് സംവിധാനങ്ങളില്ല. തെക്കുംകരയിലെ മലാക്ക, അമ്പലപ്പാട് പാടശേഖരങ്ങളിലും വെള്ളത്തിന് പ്രയാസം നേരിടുന്നുണ്ട്. മുള്ളൂർക്കര, വരവൂർ പഞ്ചായത്തുകളിലും വെള്ളം ലഭിക്കാത്ത പാടശേഖരങ്ങൾ ഏറെയാണ്. പാടത്ത് കിണർ കുത്തിയാണ് മുള്ളൂർക്കരയിലെ ചില കൃഷിയിടങ്ങളിൽ വെള്ളം എത്തിക്കുന്നത്. കൃഷിയിടങ്ങളിൽ നിലവിലെ നിയമമനുസരിച്ച് കിണർ കുഴിക്കുന്നതിന് അനുമതി നൽകാനാവില്ല. ഉദ്യോഗസ്ഥരും കണ്ടില്ലെന്ന് നടിക്കുകയാണ്. വരവൂരിലെ തിച്ചൂർ മേഖലയിൽ ദേവിച്ചിറയിൽനിന്ന് വെള്ളം ഒഴുക്കിവിടാൻ തുടങ്ങി. വടക്കാഞ്ചേരിപ്പുഴയിലെ ചിറകൾ കേന്ദ്രീകരിച്ച് മോട്ടോർ ഉപയോഗിച്ച് പമ്പിങ് നടത്തിയാണ് വെള്ളം കൃഷിയിടങ്ങളിൽ എത്തിക്കുന്നത്. പഴവൂരിലെ ഉയർന്ന പാടശേഖരങ്ങളിൽ വെള്ളം എത്തിക്കാനാവുന്നില്ല. ഇവിടെയും പെരിങ്ങണ്ടൂർ ഭാഗങ്ങളിലും കർഷകർ ആശങ്കയിലാണ്.

കലണ്ടർ പ്രകാരം ഡിസംബർ 31 വരെയാണ് വാഴാനിയിൽനിന്ന് വെള്ളം വിടുക. കൃഷിയിറക്കൽ വൈകിയതിനാൽ ജനുവരി അവസാനമോ, ഫെബ്രുവരി ആദ്യവാരമോ മാത്രമേ കൊയ്ത്ത് നടത്താനാകൂ. മഴ ലഭിച്ചില്ലെങ്കിൽ ജനുവരിയിലും വാഴാനിവെള്ളം കൃഷിക്ക് ആവശ്യമായിവരുമെന്ന് കർഷകർ പറയുന്നു.

# മഴ പെയ്തില്ലെങ്കിൽ 100 ഹെക്ടർ കൃഷി നശിക്കും



കീഴില്ലം-വെങ്ങാനെല്ലൂർ പാടശേഖരം വിണ്ടുകീറിയ നിലയിൽ

പാഞ്ഞാൾ ▸ മഴവെള്ളം ലഭിച്ചില്ലെങ്കിൽ പാഞ്ഞാൾ പഞ്ചായത്തിലെ 100 ഹെക്ടർ നെൽകൃഷി നശിക്കും. കനാൽ വഴിയുള്ള ജലലഭ്യതയും ഇതുവരെ ഉറപ്പാക്കാനായിട്ടില്ലാത്തതിനാൽ ആശങ്കയിലാണ് നെൽക്കർഷകർ.

പഞ്ചായത്തിലെ പൈങ്കുളം, തൊഴുപ്പാടം, വാഴാലിപ്പാടം, താന്നിശ്ശേരി, കിള്ളിമംഗലം, പാഞ്ഞാൾ മനയ്ക്കൽക്കടവ് പാടശേഖരങ്ങളിലെ നെൽക്കർഷകരാണ് പ്രതിസന്ധിയിലായിട്ടുള്ളത്. പ്രളയത്തെത്തുടർന്ന് കൃഷി നശിച്ച പ്രദേശങ്ങൾ കൂടിയാണിത്. ഇവിടങ്ങളിലെ 98 ഹെക്ടർ കൃഷിയാണ് പൂർണമായും നശിച്ചത്. പ്രളയത്തിൽ ഭാരതപ്പുഴയുടെ തീരത്തെ വാഴാലിപ്പാടം, തൊഴുപ്പാടം ഭാഗങ്ങളിൽ ചെളിവെള്ളം കയറിയും മണലടിഞ്ഞും കൃഷി നശിച്ചിരുന്നു.

ഈ പ്രതിസന്ധി മറികടക്കാനായാണ് ഇത്തവണ 100 ഹെക്ടറോളം ഇവിടെ മുണ്ടകൻകൃഷിയിറക്കിയത്. പ്രളയത്തിൽ തകർന്ന ചീരക്കുഴി ഡാമിൽനിന്ന് കനാൽവഴി ലഭിക്കുന്ന വെള്ളത്തെ ആശ്രയിച്ചാണ് ഇവിടങ്ങളിലെ കൃഷി. താന്നിശ്ശേരി പാടശേഖരത്തിൽ ഭൂരിപക്ഷം കർഷകരും ഇത്തവണ കൃഷിയിറക്കിയില്ല.

ഞാറ്റടി തയ്യാറാക്കിവെച്ചിരുന്ന കർഷകരിൽ ചിലർ പരീക്ഷണാർഥം കൃഷിയിറക്കിയിട്ടുണ്ട്. കിണറ്റിലും കുളങ്ങളിലുമുള്ള വെള്ളം പമ്പ്ചെയ്താണ് ഉണക്കുഭീഷണിയെ കർഷകർ പലരും അതിജീവിക്കുന്നത്.

പാഞ്ഞാൾ പഞ്ചായത്തിലെ കിഴില്ലം, ചേലക്കര പഞ്ചായത്തിലെ വെങ്ങാനെല്ലൂർ പാടശേഖരങ്ങളിൽ വെള്ളം ലഭിക്കാതെ 48 ഹെക്ടർ നെൽകൃഷിയിടം വിണ്ടുകീറിയ നിലയിലുമാണ്. വെള്ളം കിട്ടാതെ വന്നതോടെ ഇവിടെ കൃഷി ഉണങ്ങിത്തുടങ്ങി.